എമ്മാവൂസ്

# വചനദൂത്

Vol. VIII Issue : 67




# പശ്ചാത്താപത്തിന്റെ ആവശ്യകത

*ലൂക്കാ 12:5–7, 13:5*

## ബ്രദർ മാത്യു മൂന്നുപീടികയിൽ

**റോ**മൻ ഭരണാധികാരിയായിരുന്ന പീലാത്തോസ് ജറുസലേം നഗരത്തിന് വേണ്ടി വലിയൊരു ശുദ്ധജല സംഭരണി പണിയുവാൻ കല്പനയിട്ടു. പദ്ധതിയുടെ നടത്തിപ്പിന് ദേവാലയത്തിലെ നേർച്ചപ്പണം എടുത്തു ചിലവഴിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. തങ്ങൾക്ക് ഉപകാരപ്രദമായൊരു പദ്ധതിക്കുവേണ്ടിയാണെങ്കിലും നേർച്ചപ്പണം ദൈവാരാധനയ്ക്കുള്ളതാണെന്നും അത് മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ദൈവ ദോഷമാണെന്നും കരുതിയ യഹൂദർ ഇതിനെതിരെ പ്രതിഷേധിക്കുവാൻ തുടങ്ങി. എന്നാൽ പട്ടാളശക്തി ഉപയോഗിച്ച് പീലാത്തോസ് അവരെയെല്ലാം വാളിനിരയാക്കി, നേർച്ചപ്പണം കൈക്കലാക്കി ജലസംഭരണിയുടെ പണികൾ ആരംഭിച്ചു. പണികൾ നടക്കുന്നതിനിടയിൽ പണികൾ ചെയ്തുകൊണ്ടിരുന്ന പതിനെട്ട് പേർ ഗോപുരം ഇടിഞ്ഞു വീണു മരിക്കാനിടായയാകുന്നു. ദേവാലയത്തിലെ നേർച്ചപ്പണമെടുത്തതിനു കിട്ടിയ ദൈവശിക്ഷയാണിതെന്ന് തക്കം പാർത്തിരുന്ന യഹൂദർ വ്യാഖ്യാ

നിക്കാൻ തുടങ്ങി. ഈയൊരു വ്യാഖ്യാനത്തിന് കൂടുതൽ പിൻബലവും അംഗീകാരവും കിട്ടുമെന്നുള്ള ഉറപ്പോടെയാണ് ഈ രണ്ടു സംഭവങ്ങളിലേക്കും യഹൂദർ ഈശോയുടെ ശ്രദ്ധ ക്ഷണിച്ചത്. എന്നാൽ അന്നുവരെ നിലവിലിരുന്ന എല്ലാ ചിന്താഗതികളെയും തിരിത്തിക്കുറിച്ചുകൊണ്ടാണ് ഈശോ അവരോട് സംസാരിക്കുവാൻ തുടങ്ങിയത്. പീലാത്തോസിന്റെ വാളിനിരയായവരും സീലോഹായിലെ ഗോപുരം ഇടിഞ്ഞു വീണു മരിച്ചവരും മറ്റെല്ലാ ഗലീലിയക്കാരെക്കാളും പാപികളായിരുന്നതുകൊണ്ടല്ല മറിച്ച് അനുതപിക്കാൻ തയ്യാറല്ലെങ്കിൽ നിങ്ങൾക്കും സംഭവിക്കാനിരിക്കുന്നത് ഇതു തന്നെയാകും എന്നാണ് ഈശോ പറഞ്ഞുവയ്ക്കുക.

ഒരു വ്യക്തി ചെയ്യുന്ന പാപകർമ്മത്തിന്റെ ഫലമാണ് അവനു നേരിടുന്ന ദുരിതങ്ങളും കഷ്ടതകളും യാതനകളുമെന്ന വിശ്വാസമാണ് യഹൂദരുടെയിടയിൽ നിലനിന്നിരുന്നത്. എന്നാൽ ദൈവേഷ്ടം അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുന്ന ഏതൊരു വ്യക്തിക്കും ക്ലേശങ്ങളും ദുരിതങ്ങളും അനുഭവപ്പെടാറുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ദുരന്തങ്ങൾ ജീവിതത്തിൽ ആർക്കും സംഭവിക്കാം. അവയ്ക്കിരയാകുന്നവർ ഹതഭാഗ്യരാകണമെന്നില്ല. ജീവിച്ചിരിക്കുന്ന മറ്റാളുകളെക്കാൾ നിർഭാഗ്യവാന്മാരോ, ദുഷ്ടരോ, പാപികളോ ആയതിനാലുമല്ല അവ സംഭവിക്കുന്നത്. കാലത്തിന്റെ ഇത്തരത്തിലുള്ള സൂചനകൾ സ്വന്തം ജീവിതത്തിന്റെ നവീകരണത്തിന് സഹായിക്കണം എന്ന് ഓർമ്മപ്പെടുത്തുകയാണ് ഈശോ ചെയ്യുന്നത്. എല്ലാ ദുരിതങ്ങളും പാപത്തിന്റെ ഫലമല്ലെന്നും എന്നാൽ പാപഫലം ദുരിതം തന്നെയാണെന്നും ഈശോ വ്യക്തമാക്കി. പാപം ചെയ്യുക എന്നു പറഞ്ഞാൽ ഈശോയെ ജീവിതത്തിൽനിന്ന് തിരസ്കരിക്കുകയാണ്. സ്വന്തം ജീവിതത്തിൽ ഈശോയ്ക്ക് പകരം സ്വാർത്ഥതയെയും സ്ഥാനമാനങ്ങളെയും പ്രതിഷ്ഠിക്കുമ്പോൾ അനുഭവപ്പെടുന്ന ശൂന്യതാബോധവും നിരാശയും സമാധാനമില്ലായ്മയുമാണ് ഒരു മനുഷ്യന് അനുഭവിക്കാവുന്നതിൽവച്ച് ഏറ്റവും വലിയ പീഡനവും ക്ലേശവും. ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള കാരണം പന്ത്രണ്ടാം പീയൂസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ പാപബോധമില്ലായ്മയാണ്. പാപം ശരീരത്തെയും ആത്മാവിനെയും കാർന്നു തിന്നുന്ന മാരകരോഗമാണ്. പാപബോധമില്ലായ്മയാണ് പാപത്തിന് നാം നൽകുന്ന ഏറ്റവും വിഷം കൂടിയ വളം.

മെർലിൻ ക്രോരോഴ്സ് 'തടവറയിൽനിന്ന് പുകഴ്ചയിലേക്ക്' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കുറിക്കുന്നു "അത്ഭുതങ്ങളിൽ ഏറ്റവും വലുത് ഇതാ ഒരാൾക്കൂടി ക്രിസ്തുവിനെ സ്വീകരിച്ച് നിത്യജീവന് അവകാശിയായിത്തീർന്നിരിക്കുന്നുണ്ട് എന്നതാണ്." എങ്കിൽ നമുക്ക് ഇങ്ങനെ കൂട്ടിച്ചേർക്കാൻ കഴിയും ദുരന്തങ്ങളിൽ ഏറ്റവും വലുത് ക്രിസ്തുവിനെ ധിക്കരിച്ചുകൊണ്ട് ഒരാൾ പാപത്തിൽ മരിക്കുന്നതാണ്. അതുകൊണ്ട് ഈശോ നമ്മോട് പറയുന്നു അനുതപിക്കുന്നില്ലെങ്കിൽ നിങ്ങളും അതുപോലെ നശിക്കും, അപരന്റെ ദൈന്യതകളൊക്കെ അവരുടെ പാപഫലങ്ങളാണെന്ന് വിധിച്ച് സ്വയം നീതികരിക്കാൻ ശ്രമിക്കാതെ ആത്മപരിശോധനക്കുള്ള അവസരങ്ങളും മാനസാന്തരത്തിനുള്ള മുന്നറിയിപ്പുകളുമായി വിലയിരുത്താനാണ് ഈശോ ആവശ്യപ്പെടുന്നത്. നിങ്ങൾ എന്തുകൊണ്ട് ശരിയായി വിധിക്കുന്നില്ല? എന്ന ചോദ്യം ഒരിക്കൽക്കൂടി പ്രസക്തമാകുകയാണിവിടെ "നിങ്ങൾ നിങ്ങളെത്തന്നെയാണ് വിധിക്കേണ്ടിയിരുന്നത് എന്ന ആഹ്വാനം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. നാം നശിക്കാതിരിക്കാൻ വേണ്ടി നമ്മെത്തന്നെ ന്യായീരിക്കുന്നത് അവസാനിപ്പിക്കുകയും എളിമയിൽ അനുതപിക്കുകയും ചെയ്യണമെന്ന് ഈശോ മുന്നറിയിപ്പും നൽകുന്നുണ്ട്.

സ്വന്തം പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തിങ്കലേക്ക് നമ്മൾ തിരിയണം. പശ്ചാത്താപത്തിന്റെ വഴിയിലൂടെ ഈശോ നമ്മിൽ ഓരോരുത്തരിലും പ്രവർത്തിക്കാൻ അനുവദിക്കണം. ദൈവത്തിങ്കലേക്ക് തിരിയുന്ന ഓരോ വ്യക്തിയും ദൈവോന്മുഖമായ ഒരു ജീവിതം നയിക്കുകയും സ്നേഹത്തിൽ വളർന്ന് നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുകയും വേണം. സമയോചിതമായ മാനസാന്തരത്തിനുമാത്രമേ നിത്യനാശത്തിൽനിന്ന് നമ്മെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. മറ്റുള്ളവരുടെ ദുരന്തങ്ങൾ കാണുമ്പോൾ നാം നമ്മിലേക്കുതന്നെ തിരിയണം. നമ്മുടെ സ്ഥിതി മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമാണോ എന്ന് ചിന്തിക്കുന്നതും ഉചിതമായിരിക്കും. നഷ്ടപ്പെട്ട നാളുകളെ ഓർത്ത് നാം നിരാശരാകേണ്ടതില്ല. ദൈവം ക്ഷമാപൂർവ്വം പാപിയുടെ മാനസാന്തരത്തിനായി കാത്തിരിക്കുന്നു.

പുഴയോരത്തെ വൃക്ഷം പോലെ ഫലം ചൂടി നിൽക്കാൻ, നന്മയുടെ ഇത്തിരിവെട്ടമായി മലമുകളിൽ തെളിഞ്ഞുനിൽക്കാൻ ഇനിയും എന്തൊക്കെയാണ് നാം ചെയ്യേണ്ടത്. വിത്തുവിതച്ചിട്ട് കാത്തുനിൽക്കുന്ന ദൈവത്തിന്റെ സ്വപ്നങ്ങൾ എപ്രകാരമാണ് നമ്മുടെ ചെറുജീവിതത്തിലൂടെ സാർത്ഥകമാകുക. ഈ ലോകവും നമ്മുടെ ചുറ്റുപാടുകളും സംഭവങ്ങളുമൊക്കെ നൽകുന്ന മുന്നറിയിപ്പുകളുടെ പാഠമുൾക്കൊള്ളാൻ നമുക്കു ലഭിക്കുന്ന അനവധി സാധ്യതകളെ പ്രയോജനപ്പെടുത്താൻ, നമ്മിൽ പ്രതീക്ഷതരുന്ന നമ്മുടെ സഹജരുടെ ആശങ്കകൾ സത്യമാകാൻ നാം സ്വീകരിക്കേണ്ട ശൈലീമാറ്റത്തെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തലാണീ സുവിശേഷം. അതിനു സാധിക്കുന്നില്ലെങ്കിൽ പലരും നമ്മെ നോക്കി നെടുവീർപ്പിടും 'പാഴായിപ്പോയ ജന്മം'എന്ന്. ഫലം നൽകുന്നില്ലെങ്കിൽ പിന്നെയെന്തിന് അത്തിവൃക്ഷം? ചുറ്റുമുള്ളവരെക്കാൾ മെച്ചമാകാനല്ലെങ്കിൽ പിന്നെ നീ എന്തിന് ക്രിസ്ത്യാനിയായി? പശ്ചാത്താപത്തിലൂടെ ക്രിസ്തുവിൽ ഒന്നായിത്തീർന്ന് ലോകത്തിന് നന്മയുടെ ഫലങ്ങൾ നൽകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ദൈവകൃപ നമ്മുടെ കൂടെ ഉണ്ടാകട്ടെ, ആമേൻ.